## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2788 06.02.2018 -ലെ മറുപടിക്ക്.

## തൊഴിൽ നയം

ചോദ്യം

**ശ്രീ.സി. ദിവാകരൻ**
**ശ്രീമതി ഇ.എസ്.ബിജിമോൾ**
**ശ്രീ.എൽദോ എബ്രഹാം**
**ശ്രീമതി സി.കെ. ആശ**

മറുപടി

**ശ്രീ. ടി.പി.രാമകൃഷ്ണൻ**
(തൊഴിലും എക്സൈസും വകുപ്പ മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാന സർക്കാരിന്റെ തൊഴിൽ നയം തയ്യാറായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) & (ബി) | കരട് തൊഴിൽ നയം പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | ഉല്പാദന ക്ഷമതയിലൂന്നിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും തൊഴിൽ വൈദഗ്ധ്യം വികസിപ്പിക്കുന്നതിനും എന്തൊക്കെ പരിപാടികളാണ് ആസൂത്രണം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ; | | |
| (സി) | ചുമട്ടുതൊഴിലാളി മേഖലയിലെ തർക്കങ്ങൾ ഒഴിവാക്കുന്നതിനായി ചുമട്ട തൊഴിലാളി ക്ഷേമ പദ്ധതി കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന് നീക്കമുണ്ടോ; | (സി) | ഉണ്ട്. ചുമട്ടുതൊഴിലാളി മേഖലയിലെ തർക്കങ്ങൾ ഒഴിവാക്കാൻ ചുമട്ട തൊഴിലാളി ക്ഷേമപദ്ധതി കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുന്നിന് ഉദ്ദേശിക്കുന്നു. |
| (ഡി) | കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും ജോലിചെയ്യുന്ന അസംഘടിത തൊഴിലാളികളുടെ തൊഴിൽ സാഹചര്യങ്ങളും വേതനവും മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | തൊഴിൽ നയത്തിൽ ഉൾപ്പെടുത്തി കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന അസംഘടിത തൊഴിലാളികളുടെ തൊഴിൽ സാഹചര്യങ്ങളും വേതനവും മെച്ചപ്പെട്ട ത്തുന്നതിന് പര്യാപ്തമാകുന്ന രീതിയിൽ തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ശാക്തീകരിക്കുകയും നവീകരിക്കുകയും ചെയ്യുന്നതിന് ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ
തൊഴിലും നൈപുണ്യവും വകുപ്പ്

# ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ കരട് തൊഴിൽ നയം - 2017



5 ആമുഖം

6 ഉദ്ദേശ്യം

6 ലക്ഷ്യം

7 ലേബർ കമ്മീഷണറേറ്റ്

13 ഓവർസീസ് ഡെവലപ്മെന്റ് & എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ് (ODEPC)

14 കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ & എംപ്ലോയ്മെന്റ് (KILE)

14 നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ്

16 ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്

17 ഫാക്റീസ് & ബോയിലേഴ്സ് വകുപ്പ്

17 വ്യവസായ പരിശീലന വകുപ്പ്

18 കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ് (KASE)

19 ഉപസംഹാരം

# ആമുഖം

സംസ്ഥാനത്തെ വിവിധ തൊഴിൽ മേഖലകളിൽ ആരോഗ്യകരമായ ഒരു തൊഴിൽ സംസ്കാരം പരിപോഷിപ്പിക്കുന്നതിനായി തൊഴിലുടമ-തൊഴിലാളി ബന്ധം ഊട്ടിയുറപ്പിക്കേണ്ടത് അവശ്യമാണ്. ഈ ഉദ്യമത്തിന് ക്രിയാത്മകമായ ഒരു മാർഗ്ഗനിർദ്ദേശം നൽകാൻ ഒരു തൊഴിൽ നയം രൂപീകരിക്കുന്നതിലൂടെ അടിസ്ഥാന വർഗ്ഗത്തിന്റെയും ഒപ്പം വ്യവസായ സമൂഹത്തിന്റെയും ഇഴചേർന്ന മുന്നേറ്റവും സംസ്ഥാനത്തിന്റെ സാമൂഹിക സാമ്പത്തിക വളർച്ചയും സർക്കാർ ലക്ഷ്യമിടുന്നു. സ്വയംതൊഴിൽ ചെയ്യുന്നവരുൾപ്പെടെ അസംഘടിത മേഖലയിലെ തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക സുരക്ഷ ഈ നയം ഉറപ്പാക്കുന്നു. സേവന മേഖലയിൽ വർദ്ധിച്ചു വരുന്ന സ്ത്രീ തൊഴിലാളി പ്രാതിനിധ്യം മുന്നിൽ കണ്ട് സ്ത്രീ സൗഹൃദ തൊഴിലന്തരീക്ഷം സൃഷ്ടിക്കുന്നതു വഴി തൊഴിലിടങ്ങളിൽ ലിംഗസമത്വം ഉറപ്പുവരുത്തുവാനും സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കുവാനും കഴിയും. മാറുന്ന ആഗോള സാമ്പത്തിക പരിതസ്ഥിതിക്കൊപ്പം മാറിവരുന്ന തൊഴിൽ വിപണിക്ക് അനുസൃതമായി പുതിയൊരു തൊഴിൽ സാഹചര്യം ഉടലെടുത്തിട്ടുണ്ട്. ഈ വർത്തമാനകാല യാഥാർത്ഥ്യങ്ങൾക്ക് അനുസൃതമായി സേവനത്തിന്റെ സമയക്രമം, ദൈർഘ്യം, വേതന ഘടന, തൊഴിൽ സുരക്ഷിതത്വം എന്നിവയിൽ കാലാനുസൃതമായ മാറ്റം അനിവാര്യമാണ്. ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ ആരോഗ്യകരമായ തൊഴിൽ ബന്ധം ശക്തിപ്പെടുത്തുവാനും തൊഴിൽ സൗഹൃദ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും തൊഴിൽ മേഖലകളിലെ തെറ്റായ പ്രവണതകൾ ഇല്ലാതാക്കുന്നതിനും ലക്ഷ്യമിട്ട് സംസ്ഥാനത്തിന്റെ സ്ഥായിയായ സാമ്പത്തിക സാമൂഹിക വികസനത്തിനായി ഒരു പുതിയ തൊഴിൽ നയം മുന്നോട്ടു വയ്ക്കുന്നു.



# ഉദ്ദേശ്യം

കേരളത്തിന്റെ സാമൂഹിക സാമ്പത്തിക മേഖലകളുടെ സമഗ്രമായ വളർച്ചയും തൊഴിലാളി സമൂഹത്തിന്റെ ക്ഷേമൈശ്വര്യങ്ങളും സാമൂഹിക സുരക്ഷയും ഈ നയം ഉറപ്പാക്കുന്നു. തൊഴിലുടമ-തൊഴിലാളി ബന്ധം ഊട്ടി ഉറപ്പിച്ച് തദ്വാരാ കേരളത്തെ ഒരു തൊഴിൽ സൗഹൃദ സംസ്ഥാനമാക്കി ശക്തിപ്പെടുത്തുവാൻ ഈ നയത്തിലൂടെ ഉദ്ദേശിക്കുന്നു. സംസ്ഥാനത്തിന്റെ സർവ്വതോന്മുഖമായ വികസനം ലക്ഷ്യംവച്ച് അടിസ്ഥാന സൗകര്യ വിപുലീകരണം ഈ നയത്തിലൂടെ സർക്കാർ ഉദ്ദേശിക്കുന്നു.

# ലക്ഷ്യം

ഉത്പാദനക്ഷമതയിലൂന്നിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, തൊഴിലിൽ വൈദഗ്ധ്യം വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ വിഭാവനം ചെയ്യുവാനും, മെച്ചപ്പെട്ട വേതനം ലഭിക്കത്തക്ക തൊഴിലവസരങ്ങളിൽ സ്ത്രീകൾക്ക് കൂടുതൽ അവസരം സൃഷ്ടിക്കുകയും അതിലൂടെ ലിംഗസമത്വം ഉറപ്പു വരുത്തുകയും ചെയ്യേണ്ടതുണ്ട്. തൊഴിലാളികൾക്ക് ന്യായമായ വേതനം, തൊഴിലാളികളുടെ ആരോഗ്യ സുരക്ഷ, തൊഴിലിടങ്ങളിലെ വൃത്തിയും ശുചിത്വവും ഉറപ്പുവരുത്തി തൊഴിലാളികൾക്ക് മികച്ച തൊഴിലന്തരീക്ഷം സൃഷ്ടിക്കേണ്ടതാണ്. വേതന സുരക്ഷ നടപ്പിലാക്കി തൊഴിൽ സമൂഹത്തിന് സേവന കാലയളവിലും അതിനു ശേഷവും സാമ്പത്തിക ഭദ്രതയും ആരോഗ്യസംരക്ഷണവും ഉറപ്പുവരുത്തിക്കൊണ്ട് തൊഴിലാളികളുടെ നിയമപരമായ അവകാശങ്ങളെ സംരക്ഷിച്ചു കൊണ്ട് സംസ്ഥാനത്ത് സൗഹൃദ തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് തൊഴിൽ വകുപ്പിനെ സജ്ജമാക്കേണ്ടതുണ്ട്. ഇത്തരത്തിൽ സമസ്ത മേഖലയിലെയും തൊഴിലാളികൾക്ക് മാന്യമായ വേതനവും സാമൂഹ്യസുരക്ഷയും ഉറപ്പുവരുത്തുകയാണ് സംസ്ഥാന തൊഴിൽ നയത്തിന്റെ നിയുക്ത ലക്ഷ്യം.

# ലേബർ കമ്മീഷണറേറ്റ്

## തൊഴിൽ തർക്കങ്ങൾ

- ആരോഗ്യകരമായ വ്യവസായ ബന്ധം വളർത്തിയെടുക്കുന്നതിന് സംസ്ഥാനത്ത് മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും അതിലൂടെ പൊതുസമൂഹത്തിന്റെ വിശ്വാസം ആർജ്ജിക്കുന്നതിനും വേണ്ടിയുള്ള ക്രിയാത്മക പ്രവർത്തനങ്ങൾ പരിപോഷിപ്പിക്കും.
- നിലവിൽ വ്യവസായ ബന്ധ സമിതികൾ രൂപീകരിക്കപ്പെട്ടിട്ടില്ലാത്ത കാർഷിക, വിവരസാങ്കേതിക, മത്സ്യ സംസ്കരണ തുടങ്ങി കൂടുതൽ മേഖലകളിലേക്ക് ബന്ധസമിതികളുടെ പ്രവർത്തനം വ്യാപിപ്പിക്കും.



- തൊഴിൽ മേഖലയിലെ അനാരോഗ്യ പ്രവണതകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കും.
- തൊഴിൽ തർക്കങ്ങൾ പരമാവധി ഒഴിവാക്കുന്നതിന് സുദൃഢമായ തൊഴിലാളി തൊഴിലുടമാ ബന്ധം ഉറപ്പാക്കും.
- ചുമട്ടു തൊഴിലാളി മേഖലയിലെ തർക്കങ്ങൾ ഒഴിവാക്കാൻ ചുമട്ടു തൊഴിലാളി ക്ഷേമപദ്ധതി കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കും.
- തൊഴിൽ തർക്കങ്ങൾ ഉണ്ടാകുന്ന സാഹചര്യം ഉടലെടുത്താൽ അത് സമയബന്ധിതമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കും.
- വേതനം ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കും.
- അസംഘടിത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ആധാർ അധിഷ്ഠിത ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്തും.
- ചുമട്ടു തൊഴിലാളി രജിസ്ട്രേഷൻ ആധാർ അധിഷ്ഠിതമാക്കുകയും രജിസ്ട്രേഷൻ പുതുക്കൽ ഏർപ്പെടുത്തി യഥാർത്ഥ തൊഴിലാളികളുടെ തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കും.
- തൊഴിൽ തർക്കങ്ങൾ ജില്ലാ ലേബർ ഓഫീസർമാർക്ക് നേരിട്ട് ലേബർ കോടതിയിലേക്കോ, ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിലേയ്ക്കോ റഫർ ചെയ്യുന്നതിനുള്ള അധികാരം നൽകുംവിധമുള്ള നിയമഭേദഗതി കൊണ്ടുവരും.
- ഗാർഹിക തൊഴിലാളികളുടെ ജോലിക്കും സംരക്ഷണത്തിനുമായി പ്രത്യേക ലേബർ ബാങ്ക് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കും.
- കൂട്ടായ വിലപേശലിനെ ശക്തിപ്പെടുത്തുന്നതിനും സുതാര്യമാക്കുന്നതിനും 2010 ലെ റെക്കഗ്നിഷൻ ഓഫ് ട്രേഡ് യൂണിയൻ നിയമം ശക്തമായി എല്ലാ മേഖലകളിലും നടപ്പിലാക്കും.

# എൻഫോഴ്സ്മെന്റ്

- കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന അസംഘടിത തൊഴിലാളികളുടെ തൊഴിൽ സാഹചര്യവും, വേതനവും മെച്ചപ്പെടുത്തുന്നതിന് പര്യാപ്തമാകുന്ന രീതിയിൽ തൊഴിൽവകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ശാക്തീകരിക്കുകയും നവീകരിക്കുകയും ചെയ്യും.



- ഐ.റ്റി മേഖലയിൽ തൊഴിൽ വകുപ്പ് ആരംഭിച്ച സ്വയം സാക്ഷ്യപ്പെടുത്തൽ പദ്ധതി പോരായ്മകൾ പരിഹരിച്ച് ഇതര മേഖലകളിലേക്കും ഘട്ടം ഘട്ടമായി വ്യാപിപ്പിക്കും.
- തൊഴിലാളികളുടെ വേതനം ആധാറുമായി ബന്ധിപ്പിച്ച് വ്യക്തിഗത ബാങ്ക് അക്കൗണ്ടുകളിലൂടെ വിതരണം നടത്തുന്ന വേതന സുരക്ഷാ പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പിൽ വരുത്തും.
- തൊഴിൽ വകുപ്പിന്റെ രജിസ്ട്രേഷൻ, ലൈസൻസ് നടപടിക്രമങ്ങൾ പൂർണ്ണമായി ഓൺലൈൻ ആകുകയും ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കുകയും ചെയ്തു.
- എൻഫോഴ്സ്മെന്റ് പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനും, സുതാര്യമാക്കുന്നതിനും പ്രാപ്തമാകത്തക്കരീതിയിൽ ലേബർ ഇന്റലിജൻസ് സെല്ലിന് രൂപം കൊടുക്കും.
- ഇന്റലിജൻസ് സെല്ലിന്റെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ മികച്ച തൊഴിൽ സൗഹൃദ സംരംഭങ്ങളെ കണ്ടെത്തും.
- ഇത്തരം തൊഴിൽ സൗഹൃദ സംരംഭങ്ങളിൽ വ്യക്തമായ പരാതികളുടെ അടിസ്ഥാനത്തിൽ മാത്രമേ പരിശോധനാ വിഭാഗത്തിന്റെ ഇടപെടലും പരിശോധനയും ഉണ്ടാകുകയുള്ളൂ.
- വിവിധ തൊഴിൽ നിയമങ്ങൾ അനുസരിച്ചുള്ള പരിശോധനാ നടപടികൾ സുതാര്യമാക്കുകയും പരിശോധകരെ (ഇൻസ്പെക്ടർ) തൊഴിലാളികളുടെയും തൊഴിലുടമകളുടെയും സൗകര്യദായകർ (ഫെസിലിറ്റേറ്റർ) ആക്കി മാറ്റുകയും ചെയ്യും.
- വിവിധ തൊഴിൽ നിയമങ്ങൾ അനുസരിച്ച് സൂക്ഷിക്കേണ്ട രജിസ്റ്ററുകളും സമർപ്പിക്കേണ്ട രേഖകളും ലഘൂകരിച്ച് ഏകീകരിക്കുകയും ഓൺലൈനായി സമർപ്പിക്കുവാൻ സംവിധാനം ഏർപ്പെടുത്തുകയും ചെയ്യും.
- ഈസ് ഓഫ് ഡൂയിംഗ് ബിസിനസിന് സഹായകരമായി തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട രജിസ്ട്രേഷൻ, ലൈസൻസ് നടപടിക്രമങ്ങൾ ലഘൂകരിക്കും.
- തൊഴിൽ നിയമങ്ങൾ അനുസരിച്ചുള്ള പരിശോധനകൾക്ക് സ്വീകരിക്കേണ്ടതായ നടപടിക്രമങ്ങൾ ഏകോപിപ്പിച്ച് ഒരു മാന്വൽ തയ്യാറാക്കും.
- സംസ്ഥാനത്തെ ലേബർ കോടതികൾ, ഇൻഡസ്ട്രിയൽ ട്രൈബ്യൂണലുകൾ എന്നിവ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ ഡിജിറ്റൈസ് ചെയ്ത് തൊഴിലുടമകൾക്കും തൊഴിലാളികൾക്കും ലഭ്യമാക്കുവാൻ ലേബർ കമ്മീഷണറേറ്റ് ആട്ടോമേഷൻ സിസ്റ്റത്തിൽ പ്രത്യേക മൊഡ്യൂൾ തയ്യാറാക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്യും.

# സ്ത്രീ സൗഹൃദ തൊഴിലിടങ്ങൾ

- തൊഴിലിടങ്ങളിൽ ലിംഗസമത്വം നടപ്പാക്കുന്നതിനും സ്ത്രീ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഉതകുന്ന നടപടികൾ കൈക്കൊള്ളും.

- വിവിധ തൊഴിൽ നിയമങ്ങൾ അനുസരിച്ച് സ്ത്രീ തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ ഉറപ്പുവരുത്താൻ ശക്തമായി ഇടപെടും.
- നിയമപ്രകാരം പ്രസവാനുകൂല്യങ്ങളും തൊഴിലിടങ്ങളിൽ കുഞ്ഞുങ്ങൾക്ക് മുലയൂട്ടാനുള്ള സൗകര്യങ്ങളും ഉറപ്പുവരുത്തും. മെറ്റേണിറ്റി ബെനിഫിറ്റ് ആക്ട് പ്രകാരം ശമ്പളത്തോടു കൂടിയ പ്രസവാവധി ഉറപ്പാക്കും.
- സ്ത്രീ തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങൾക്ക് ഒരു ക്രഷ് സെസ് നടപ്പിൽ വരുത്തുകയും സാമൂഹ്യനീതി വകുപ്പുമായി സഹകരിച്ച് സാദ്ധ്യമാകുന്ന കേന്ദ്രങ്ങളിൽ ക്രഷ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്യും. ഇവയുടെ കാലോചിതമായ പരിപാലനത്തിന് സംവിധാനങ്ങൾ നിർബന്ധമാക്കും.
- വ്യാപാര വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തന സ്വഭാവത്തിനനുസരിച്ച് സ്ത്രീ തൊഴിലാളികൾക്ക് മതിയായ യാത്രാ താമസ സൗകര്യങ്ങൾ ഒരുക്കുന്നതിനും അധിക സമയ വേതനവും ആഴ്ച അവധി, വിശ്രമ ഇടവേള, എന്നിവ ഉറപ്പാക്കുന്നതിനും ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടാകും.
- വിവിധ സ്ഥാപനങ്ങളിലെ പരാതി പരിഹാര സമിതികൾ കൃത്യമായി പുന:സംഘടിപ്പിക്കുകയും പ്രവർത്തനങ്ങൾ കൃത്യമായി അവലോകനം നടത്തുകയും ചെയ്യും.
- തൊഴിൽ നിയമം അനുശാസിക്കുന്ന വിധം തൊഴിലിടങ്ങളിൽ ശുചിമുറികളും വിശ്രമമുറികളും നിർബന്ധമാക്കും.
- തൊഴിലാളികൾക്ക് തൊഴിലിടങ്ങളിൽ ഇരിപ്പിട സൗകര്യം നിർബന്ധമാക്കും.



## ബാലവേല നിർമ്മാർജ്ജനം


- സംസ്ഥാനത്ത് ബാലവേല നിർമ്മാർജ്ജനത്തിനും ബാലതൊഴിലാളി പുനരധിവാസത്തിനും സമഗ്രസംവിധാനം ഒരുക്കും. ഇതിലൂടെ സംസ്ഥാനത്തെ ബാലവേല വിമുക്ത സംസ്ഥാനമാക്കി മാറ്റും.
- ബാലവേല നിർമ്മാർജ്ജനം ചെയ്യുന്നതിനായി ജില്ലാ ഭരണകൂടത്തിന്റെയും വിവിധ വകുപ്പുകളുടേയും സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടുകൂടി ആക്ഷൻ പ്ലാൻ തയ്യാറാക്കി പരിശോധന, ബോധവത്ക്കരണ പരിപാടികൾ എന്നിവ നടപ്പിലാക്കും.
- എൻഫോഴ്സ്മെന്റ് സംബന്ധമായ ചുമതല തൊഴിൽ വകുപ്പിന്റെയും നിവാരണ പുനരധിവാസ ചുമതലകൾ സാമൂഹ്യ നീതി വകുപ്പിന്റെയും സഹകരണത്തോടെ നടപ്പിലാക്കുന്നതിനുള്ള സംവിധാനം കൊണ്ടുവരുകയും മറ്റ് വകുപ്പുകളുടെ സഹകരണം ഉറപ്പാക്കുകയും ചെയ്യും.
- ആധുനിക വിവരസാങ്കേതിക സംവിധാനങ്ങളൊരുക്കി തൊഴിലുടമ തൊഴിലാളി യൂണിയൻ സംഘടനകളുടെ സഹകരണത്തോടു കൂടി ബാലവേലയ്ക്കെതിരെയുള്ള പ്രചരണ പരിപാടികൾ വ്യാപകമായി സംഘടിപ്പിക്കും.

## മിനിമം വേതനം

- മിനിമം വേതനനിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുന്ന എല്ലാ വിഭാഗം തൊഴിലാളികൾക്കും മിനിമം വേതനം ഉറപ്പുവരുത്തും. മിനിമം വേതനനിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടാത്ത

തൊഴിലുകൾക്ക് ഒരു അടിസ്ഥാന കൂലിയെങ്കിലും ഉറപ്പുവരുത്തും. തെരഞ്ഞെടുത്ത മേഖല കളിൽ ഫെയർ വേജസ് കൊണ്ടുവരും.

- ജീവിത സാഹചര്യങ്ങൾക്കനുസരിച്ച് മിനിമം വേതനം ഉയർത്തി നിശ്ചയിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.
- സംസ്ഥാനത്തെ എല്ലാ പ്രധാന തൊഴിൽ മേഖലകളിലും മിനിമം വേതനം നിശ്ചയിക്കുകയും സമയബന്ധിതമായി പരിഷ്ക്കരിക്കുകയും ചെയ്യും.
- പരസ്പരബന്ധമുള്ള മേഖലകളിലെ മിനിമം വേതന വിജ്ഞാപനങ്ങൾ സംയോജിപ്പിക്കുവാനുള്ള സാധ്യതകൾ ആരായും.
- മിനിമം വേതനം നിലവിലില്ലാത്ത എല്ലാ തൊഴിൽ മേഖലകളിലും ഏറ്റവും കുറഞ്ഞ നിരക്കെങ്കിലും ഉറപ്പുവരുത്തുന്നതിന് കേവല വേതന നിയമം കൊണ്ടുവരും.
- കൂടുതൽ മെച്ചപ്പെട്ട വേതനം ഉറപ്പുവരുത്തുവാൻ സാധ്യതയുള്ള മേഖലകളിൽ ന്യായ വേതനം (Fair wage) നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കും.
- പാചക തൊഴിലാളികൾക്ക് അവരുടെ ജോലിസ്ഥിരത ഉറപ്പുവരുത്തി മിനിമം വേതനം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കും.
- വിവിധ മേഖലകളിലെ തൊഴിൽ സാഹചര്യവും വേതന വ്യവസ്ഥയും പരിശോധിച്ച് തൊഴിലാളികളുടെ ഏറ്റവും കുറഞ്ഞ വേതനം 600 രൂപയായി നിജപ്പെടുത്തി നിശ്ചയിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.



## ഭരണസംവിധാനം

- ക്ഷേമബോർഡുകളുടെ സംയോജനം നടപ്പിലാക്കുന്നതിന് പ്രായോഗിക നടപടികൾ സ്വീകരിക്കും.
- കാലാനുസൃതമായ മാറ്റത്തിന്റെ ആവശ്യകത ഉൾക്കൊണ്ടുകൊണ്ട് തൊഴിൽ വകുപ്പിന്റെ ഭരണ സംവിധാനം പുനഃസംഘടിപ്പിക്കുകയും ശാക്തീകരിക്കുകയും ചെയ്യും.
- വിവിധ കാര്യാലയങ്ങളിലെ സ്റ്റാഫ് പാറ്റേൺ കാലോചിതമായി പുനർ നിർണ്ണയിക്കും.
- തൊഴിൽ വകുപ്പിൽ നിലവിലുള്ള ഏകജാലക വിവരദായക സംവിധാനം വഴി വിവിധ ക്ഷേമ ബോർഡുകൾ, അനുബന്ധ സ്ഥാപനങ്ങൾ ഇവയെല്ലാം സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കും.
- തൊഴിൽഭവനിലെ കാൾസെന്റർ മുഖേന സ്വീകരിക്കുന്ന പരാതികളിൽ കൃത്യമായ മേൽനോട്ടം നടത്തി നിശ്ചിത സമയപരിധിക്കുള്ളിൽ പരാതികൾ പരിഹരിക്കുന്ന ഉദ്യോഗസ്ഥരെ കണ്ടെത്തി അവർക്ക് അർഹമായ പാരിതോഷികം നൽകും.
- ട്രേഡ് യൂണിയൻ നിയമപ്രകാരമുള്ള എല്ലാ സേവനങ്ങളും ഓൺലൈൻ മുഖേന ആക്കുകയും രജിസ്ട്രേഷന് അപേക്ഷിച്ചു കഴിഞ്ഞാൽ 30 ദിവസത്തിനുള്ളിൽ നടപടികൾ പൂർണ്ണമായി തീർപ്പാക്കി രജിസ്ട്രേഷൻ നൽകുന്നതിന് നടപടി എടുക്കുകയും ചെയ്യും.
- ഹൈക്കോടതിയിൽ തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന കേസുകളുടെ തീർപ്പ് വേഗത്തിലാക്കാൻ തൊഴിൽ വകുപ്പിന്റെ എറണാകുളത്തെ ലെയ്സൺ ഓഫീസിന്റെ സൗകര്യങ്ങൾ ശക്തിപ്പെടുത്തും.

## തൊഴിൽനിയമ ഭേദഗതി



സംസ്ഥാനത്തെ മാറിയ സാഹചര്യങ്ങൾക്കനുസൃതമായി തൊഴിൽ നിയമങ്ങളിലും ചട്ടങ്ങളിലും ഉചിതമായ ഭേദഗതികൾ കൊണ്ടുവരും.

മിനിമം വേതന നിയമം, പേയ്മെന്റ് ഓഫ് വേജസ് ആക്ട് എന്നിവയിലെ ക്ലെയിം അധികാരിയെ നിശ്ചയിക്കുവാനുള്ള ഭേദഗതികൾ നടപ്പിലാക്കും.

വേതന കുടിശ്ശിക തൊഴിലുടമയിൽ നിന്ന് ഈടാക്കുവാൻ റവന്യൂ റിക്കവറി വ്യവസ്ഥ കൊണ്ടുവരും.

നിലവിൽ തൊഴിൽ നിയമ പരിരക്ഷ ലഭിക്കാത്ത അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്കായി വിദ്യാഭ്യാസവകുപ്പുമായി കൂടിയാലോചിച്ച് സേവന-വേതന ക്രമീകരണ നിയമം കൊണ്ടുവരും.

ഒരു തൊഴിലാളിയെങ്കിലും ജോലി ചെയ്യുന്ന തൊഴിൽ സ്ഥാപനങ്ങളിൽ 4 ദേശീയ അവധികളും പൊതുതെരഞ്ഞെടുപ്പുകളിൽ സമ്മതിദാനാവകാശം വിനിയോഗിക്കുന്നതിനുള്ള അവധിയും ലഭ്യമാകുംവിധം കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ്സ് (നാഷണൽ & ഫെസ്റ്റിവൽ ഹോളിഡേയ്സ്) ആക്ട് ഭേദഗതി ചെയ്യും.

## ക്ഷേമനിധി ബോർഡുകൾ

- സംസ്ഥാനത്തെ വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകളെ അംഗത്വത്തിന്റെയും സാമ്പത്തികസ്ഥിതിയുടെയും അടിസ്ഥാനത്തിൽ സംയോജിപ്പിച്ച് ശാക്തീകരിക്കും. ക്ഷേമനിധി ബോർഡുകളുടെ ഭരണച്ചെലവ് കുറച്ച് ആരോഗ്യം, പാർപ്പിടം, തുടങ്ങിയ പുതിയ മേഖലകളിൽ മെച്ചപ്പെട്ട ആനുകൂല്യങ്ങൾ ഉറപ്പുവരുത്തുന്ന വിധത്തിൽ ക്ഷേമപദ്ധതികൾ പരിഷ്കരിക്കും.
- ക്ഷേമനിധി ബോർഡുകളിലെ വിവരശേഖരം സമ്പൂർണ്ണമായി ഡിജിറ്റൈസ് ചെയ്ത് അംഗങ്ങൾക്ക് യൂനിക് ഐഡി കാർഡുകൾ വിതരണം ചെയ്യും.
- ദ്വയാംഗത്വം, വ്യാജഅംഗത്വം ഇവ ഒഴിവാക്കികൊണ്ട് തൊഴിലാളികൾക്ക് അവരുടെ തൊഴിൽ മേഖല മാറുന്നതിന് അനുസരിച്ച് അംഗത്വം മാറുന്നതിനുള്ള സംവിധാനം ഒരുക്കും.
- വിവിധ ക്ഷേമനിധി പദ്ധതികളിലെ അംശാദായം അടക്കുന്നതിനും ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനും ഏകജാലക സംവിധാനം ഏർപ്പെടുത്തും.
- ക്ഷേമനിധി ബോർഡുകളിലേയ്ക്കുള്ള അംശാദായം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കും.

## ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികൾ

- സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ഇതരസംസ്ഥാന കുടിയേറ്റ തൊഴിലാളികളുടെ ആരോഗ്യം, സുരക്ഷ, ക്ഷേമം എന്നിവ ഉറപ്പുവരുത്തുവാനും ടി തൊഴിലാളികളുടെ വിവരശേഖരണത്തിനുമായി ശക്തമായ ഇടപെടൽ നടത്തും.
- സംസ്ഥാനത്ത് വിവിധ തൊഴിൽ മേഖലകളിൽ ജോലി ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് ആവാസ് എന്ന പുതിയ ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കും. അതുവഴി ഇവരുടെ വിവരശേഖരണം നടത്തി തിരിച്ചറിയൽ കാർഡ് നൽകും.
- വിവിധ ഭൂപ്രദേശങ്ങളിൽ തൊഴിലെടുക്കുന്ന ഇതരസംസ്ഥാന തൊഴിലാളികളുടെ എണ്ണം ഭാഷാടിസ്ഥാനത്തിൽ ശേഖരിക്കും. ഇവരുമായി ആശയവിനിമയം നടത്തുന്നതിന് ഭാഷാ പരിജ്ഞാനമുള്ള വാളണ്ടിയർമാരെ നിയമിക്കും. ഇത്തരം വാളണ്ടിയർമാർ ഇതരസംസ്ഥാന തൊഴിലാ

പരിജ്ഞാനമുള്ള വാളണ്ടിയർമാരെ നിയമിക്കും. ഇത്തരം വാളണ്ടിയർമാർ ഇതരസംസ്ഥാന തൊഴിലാളികളെ പ്രത്യേകം പ്രത്യേകം സന്ദർശിച്ച് ആശയവിനിമയം നടത്തുന്ന പുതിയ പദ്ധതിക്ക് രൂപം നൽകും.

- കേരളത്തിൽ തൊഴിൽ തേടിയെത്തുന്ന ഇതരസംസ്ഥാന തൊഴിലാളികൾക്ക് അവരുടെ അവകാശങ്ങളെക്കുറിച്ചും വിവിധ ക്ഷേമപദ്ധതികളെക്കുറിച്ചും റെയിൽ, റോഡ് ഗതാഗത സൗകര്യങ്ങളെ സംബന്ധിച്ചും സർക്കാർ സേവനങ്ങളെ സംബന്ധിച്ചുമുള്ള വിവരങ്ങൾ നൽകുന്നതിനായി ഫെസിലിറ്റേഷൻ സെന്ററുകൾ സംസ്ഥാനത്ത് വിവിധ കേന്ദ്രങ്ങളിൽ സ്ഥാപിക്കും.
- ഇതരസംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്ക് വൃത്തിയുള്ള വാസയോഗ്യമായ താമസസൗകര്യം നൽകുന്നതിനായി ഭവനം പദ്ധതി യുടെ ഭാഗമായി ആരംഭിച്ച അപ്നാഘർ സംസ്ഥാനത്ത് വ്യാപിപ്പിക്കും.
- രജിസ്റ്റർ ചെയ്യാത്ത തൊഴിലാളികളെ കണ്ടെത്താനും അവരെ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യാനുമുള്ള സംവിധാനം മൊബൈൽ ആപ്ലിക്കേഷന്റെ സഹായത്തോടെ നടപ്പിലാക്കും.
- ലഹരിവസ്തുക്കളുടെ ഉപയോഗത്തിനെതിരെ തൊഴിലാളികളുടെ ഇടയിൽ ബോധവത്ക്കരണ പരിപാടികൾ നടപ്പിലാക്കും.

## പ്ലാന്റേഷൻ മേഖല



- പ്ലാന്റേഷൻ മേഖലയിലെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനും മേഖലക്ക് പുത്തനുണർവ്വ് സൃഷ്ടിക്കുന്നതിനും ആവശ്യമായ തൊഴിൽ വ്യവസായിക ഇടപെടലുകൾ നടത്തും.
- പ്ലാന്റേഷൻ റിലീഫ് ഫണ്ടിന്റെ വിനിയോഗം കാര്യക്ഷമമാകും.
- പ്ലാന്റേഷൻ തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസ സൗകര്യം, ഗാർഡൻ ഹോസ്പിറ്റൽ, ഗ്രൂപ്പ് ഹോസ്പിറ്റൽ എന്നിവയുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള കർമ്മപദ്ധതി ബന്ധപ്പെട്ടവരുമായി കൂടിയാലോചിച്ച് നടപ്പിലാക്കും.
- തോട്ടങ്ങളിലെ ക്വാർട്ടേഴ്സ് നവീകരിച്ച് വാസയോഗ്യമാക്കും.
- പ്ലാന്റേഷൻ തൊഴിലാളി കുടുംബങ്ങൾക്ക് സമഗ്ര ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ ഉറപ്പുവരുത്തും.
- ഭവനരഹിതരായ പ്ലാന്റേഷൻ തൊഴിലാളികൾക്ക് സ്വന്തം വീട് പദ്ധതി നടപ്പിലാക്കും.
- സ്വന്തമായി സ്ഥലവും വീടും ഇല്ലാത്തവർക്ക് സ്ഥലവും വീടും ലഭ്യമാക്കും.
- മിനിമം ജീവിത സാഹചര്യം ഉറപ്പുവരുത്തും.
- തോട്ടം തൊഴിലാളികളുടെ കൂലിയും മറ്റാനുകൂല്യങ്ങളും മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കും.
- പുനലൂരിലെ റീഹാബിലിറ്റേഷൻ പ്ലാന്റേഷനിലെ തൊഴിലാളികളുടെ ജീവിത സൗകര്യവും വരുമാനവും മെച്ചപ്പെടുത്തും.

## പരമ്പരാഗത തൊഴിൽ മേഖല



- പരമ്പരാഗത മേഖലയിൽ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകൾ ആരായുകയും ആവശ്യമുള്ളപക്ഷം ഇതരവകുപ്പുകളുടെ കൂടി സഹകരണത്തോടുകൂടി പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യും.
- പരമ്പരാഗത വ്യവസായങ്ങളുടെ നിലനിൽപ്പിനും പീഢിത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനും വ്യവസായ വകുപ്പുമായി സംയോജിച്ച് കർമ്മപദ്ധതി രൂപീകരിച്ച് നടപ്പിലാക്കും.
- ഇൻകം സപ്പോർട്ട് സ്കീം പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്കായി പരിഷ്ക്കരിച്ച് നടപ്പിലാക്കും.
- സാങ്കേതിക വിദ്യയുടെയും ഉൽപാദന പ്രക്രിയയുടെയും മാറ്റങ്ങൾക്കനുസൃതമായി പരമ്പരാഗത തൊഴിൽ മേഖല നവീകരിച്ച് ഉൽപാദന ക്ഷമത വർദ്ധിപ്പിക്കും.

## ഓവർസീസ് ഡെവലപ്മെന്റ് & എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ് (ഒഡെപെക്)

- തൊഴിൽ നൈപുണ്യം നേടുന്നവർക്ക് വിദേശരാജ്യങ്ങളിൽ തൊഴിൽ കണ്ടെത്തുന്നതിന് ഒഡെപെക് വഴി ഏകജാലകസംവിധാനം രൂപപ്പെടുത്തും.
- ഒഡെപെകിന്റെ ട്രാവൽ ഡിവിഷൻ വിവിധ ഏവിയേഷൻ ഗ്രൂപ്പുകളുമായി ചേർന്ന് ശക്തിപ്പെടുത്തും. ഇതിനായി ഓൺലൈൻ പോർട്ടൽ സംവിധാനം ഒരുക്കും.
- വിദേശത്തേക്കുള്ള തൊഴിൽ റിക്രൂട്ട്മെന്റിനുള്ള സാദ്ധ്യത ശക്തിപ്പെടുത്തും.
- കൂടുതൽ തൊഴിൽ സാധ്യതയുള്ള രാജ്യങ്ങളിലെ തൊഴിൽദാതാക്കളുമായി സംസ്ഥാനത്തിന്റെ മാനവവിഭവ ശേഷിയെ സംബന്ധിച്ച് വിശദമാക്കു ന്നതിനും തൊഴിലന്വേഷകർക്ക് തൊഴിൽ നേടുന്നതിന് സഹായകരമാകത്തക്കവിധത്തിൽ ഉന്നതതല ചർച്ചകൾ സംഘടിപ്പിക്കും.
- വിവിധ രാജ്യങ്ങളിലേക്ക് റിക്രൂട്ട്മെന്റ് നടത്തുന്ന സ്വകാര്യ ഏജൻസികളുടെ മേൽനോട്ടം, ഏകോപനം എന്നിവയ്ക്കായി പ്രത്യേക സംവിധാനവും ഓൺലൈൻ പോർട്ടലും ആരംഭിക്കും.
- വിദേശ തൊഴിലന്വേഷകർക്ക് ഓൺലൈനായി ഒറ്റത്തവണ രജിസ്ട്രേഷൻ സംവിധാനം ഒരുക്കും. ബന്ധപ്പെട്ട വിവരങ്ങൾ എസ്.എം.എസ് ആയും വാട്ട്സ്അപ്പ് ആയും അറിയിക്കുവാൻ സംവിധാനം ഒരുക്കും.
- ട്രെയിനിംഗ് പ്രോഗ്രാമുകളുടെ ഭാഗമായി IELTS (International English Language Testing System) പോലുള്ള കോഴ്സുകൾ കിറ്റ്സുമായി ചേർന്ന് നടത്താനുള്ള പദ്ധതികൾ ആവിഷ്കരിക്കും.
- ന്യൂഡൽഹിയിലുള്ള വിവിധ രാജ്യങ്ങളുടെ എംബസ്സികളിലേയും ഹൈക്കമ്മീഷൻമാരെയും കണ്ട് യോഗം നടത്തി ഒഡെപെകിന്റെ പ്രവർത്തനം വ്യാപിപ്പിക്കും.
- അയാട്ട അംഗീകാരത്തോടെ പ്രവർത്തിക്കുന്ന ട്രാവൽ ഡിവിഷന്റെ വിപുലീകരണത്തിന്റെ ഭാഗമായി കിറ്റ്സുമായി (Kerala Institute of Tourism and Travel Studies) ചേർന്ന് ആയതിന്റെ പ്രവർത്തനം 24 മണിക്കൂറും ലഭ്യമാക്കുവാനും ടൂർ പാക്കേജുകൾ/ എൽ.റ്റി.സി. പാക്കേജുകൾ തുടങ്ങുവാനുമുള്ള നടപടികൾ ത്വരിതപ്പെടുത്തും.

## കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ & എംപ്ലോയ്മെന്റ് (കിലെ)

- കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ & എംപ്ലോയ്മെന്റിനെ ദേശീയ നിലവാരമുള്ള പഠന പരിശീലന ഗവേഷണ സ്ഥാപനമായി ഉയർത്തുന്നതിന് സാധ്യമായ എല്ലാ ശ്രമവും നടത്തും.
- വിവിധ തൊഴിൽ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കും തൊഴിലാളി പ്രതിനിധികൾക്കും യൂണിയൻ പ്രവർത്തകർക്കും തൊഴിൽ മേഖലയെയും, നിയമങ്ങളെയും കുറിച്ച് അവബോധം സൃഷ്ടിക്കാൻ വേണ്ട പരിശീലന പരിപാടികൾ സംഘടിപ്പിക്കും.



- കിലെ ന്യൂസ് എന്ന ഇംഗ്ലീഷിലുള്ള ത്രൈമാസിക, തൊഴിൽ നിയമങ്ങൾ സാധാരണക്കാർക്ക് അനായാസം മനസ്സിലാക്കാവുന്ന തരത്തിൽ തയാറാക്കുന്ന മലയാള കൈപുസ്തകങ്ങൾ, സംസ്ഥാനത്ത് നിലവിലുള്ള തൊഴിൽ നിയമങ്ങളുടെ ഒരു ഏകീകരണ പ്രസിദ്ധീകരണം (മാനുവൽ ഓഫ് ലേബർലാസ്) എന്നിവ പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കും.
- തൊഴിലാളികളുടെ ആശ്രിതർക്കായി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന മത്സരപരീക്ഷകൾ എഴുതുന്നതിനുള്ള ഒരാഴ്ച നീണ്ട് നിൽക്കുന്ന പരിശീലന പരിപാടി നടത്തുന്നതാണ്.

## നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ്

- സർക്കാർ/ അർദ്ധ സർക്കാർ, സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തേണ്ടുന്ന നിയമനങ്ങൾ ഉറപ്പാക്കുന്നതിനായി സംസ്ഥാനത്ത് നിയമനിർമ്മാണം നടത്തുന്നതിനാവശ്യമായ നടപടികൾ ആരംഭിക്കും.
- ഭിന്നശേഷിക്കാരായ തൊഴിൽരഹിതർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനും വിവിധ മത്സരപരീക്ഷകൾക്ക് സൗജന്യ പരിശീലനവും തൊഴിൽ മാർഗ്ഗനിർദ്ദേശവും നൽകുന്നതിനുമായി കൈവല്യ എന്ന പേരിൽ ആരംഭിച്ച തൊഴിൽ പുനരധിവാസപദ്ധതി വിപുലീകരുക്കും.
- എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് സേവനങ്ങൾ ഇൻഫർമേഷൻ ടെക്നോളജിയുടെ നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ നവീകരിക്കും.
- സംസ്ഥാനത്തെ എല്ലാ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും എംപ്ലോയബിലിറ്റി സെന്ററുകൾ രൂപീകരിച്ച് ശക്തിപ്പെടുത്തും. എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് സ്കിൽ അസ്സെസ്മെന്റ്, സൈക്കോമെട്രിക് അനാലിസിസ്, കൗൺസിലിംഗ് എന്നിവ മുഖേന സ്കിൽ ഗ്യാപ്പ് അസ്സെസ്മെന്റ് നടത്തി ആവശ്യമുള്ളവർക്ക് സോഫ്റ്റ്സ്കിൽ പരിശീലനം, കമ്പ്യൂട്ടർ പരിശീലനം എന്നിവ നൽകി അവരെ തൊഴിൽ നേടുന്നതിന് പ്രാപ്തരാക്കുന്നതാണ്. ഭൂമിശാസ്ത്രപരമായ പരിമിതിമൂലം എംപ്ലോയബിലിറ്റി സെന്ററുകളുടെ സേവനം ലഭിക്കാതിരുന്നവർക്ക് സഹായകരമാകുംവിധം, പട്ടികവർഗ്ഗ/ പട്ടികജാതി വിഭാഗങ്ങൾ കൂടുതലായി അധിവസിക്കുന്ന പ്രദേശങ്ങളിലും വിദൂരഗ്രാമീണ മേഖലകളിലും, എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിപ്പിക്കുന്നതിന് പരിഗണന നൽകും.
- ഇന്ത്യയിലും വിദേശത്തുമുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾ, പരിശീലന കേന്ദ്രങ്ങൾ,

തൊഴിലവസരങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനായി ഒരു ജോബ്പോർട്ടൽ ആരംഭിക്കുന്നതാണ്. എൻ.സി.എസ് പോർട്ടലിന്റെ സേവനംകൂടി ലഭ്യമാക്കുന്നതും അതുവഴി തൊഴിൽരഹിതർക്ക് അനുയോജ്യമായ തൊഴിൽ കണ്ടെത്തുന്നതിനാവശ്യമായ എല്ലാ വിവരങ്ങളും പ്രദാനം ചെയ്യുന്നതുമാണ്.

- കേരളത്തിലെ വിവിധ സർവ്വകലാശാലകളിൽ പ്രവർത്തിക്കുന്ന യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോകളോടനുബന്ധിച്ച് മോഡൽ കരിയർ സെന്ററുകൾ തുടങ്ങുന്നതും പ്രധാനപ്പെട്ട സർക്കാർ കോളേജുകളിലെ പ്ലെയിസ്മെന്റ് സെല്ലുകളുമായി സഹകരിച്ച് അവരുടെ ഭൗതിക സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി എല്ലാ ജില്ല കളിലും കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ ആരംഭിക്കുന്നതാണ്.

- തൊഴിൽ വിവരങ്ങൾ നൽകുന്നതിനും എംപ്ലോയ്മെന്റ് വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്ന തിനുമായി ഒരു ഓൺലൈൻ/ ഓഫ്ലൈൻ ബുള്ളറ്റിൻ ആരംഭിക്കുന്നതാണ്.

- ഇന്ത്യയിലും വിദേശത്തും ഭാവിയിൽ ആവശ്യമായി വരുന്ന മാനവവിഭവശേഷി മുൻകൂട്ടി കണ്ടെത്തുന്നതിനായി ഗങ്ങടഇമായി സഹകരിച്ച് ഒരു ഗവേഷണ വികസന വിഭാഗം ആരംഭിക്കുന്നതാണ്. ഈ കേന്ദ്ര മാനവവിഭവ ശേഷിയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും ശേഖരിക്കുന്നതും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കും, സർക്കാരിനും, തൊഴിൽരഹിതർക്കും അവ പ്രദാനം ചെയ്യുന്നതുമാണ്.



- പട്ടികജാതി വികസന വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ്, പട്ടികജാതി- പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, ITDP (Intergrated Tribal Development Projects) എന്നിവയുമായി സഹകരിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ ഔട്ട്റീച്ച് പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതും, പ്രധാന കേന്ദ്രങ്ങളിൽ നിന്നും വിദൂരവും ഒറ്റപ്പെട്ടതുമായ, പ്രത്യേകിച്ച് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ കൂടുതലായി അധിവസിക്കുന്ന, മേഖലകളിൽ നൈപുണ്യവികസനത്തിന് ഊന്നൽ നൽകി തൊഴിൽ മാർഗ്ഗ നിർദ്ദേശക പ്രവർത്തനങ്ങളും സ്വയംതൊഴിൽ പദ്ധതികളും ഊർജ്ജിതപ്പെടുത്തുന്നതാണ്.

- സ്വയംതൊഴിൽ പദ്ധതികൾ ആരംഭിക്കുന്നതിന് തൊഴിൽരഹിതരെ പ്രാപ്തരാക്കുന്നതിനായി സംരംഭകത്വ വികസന പരിശീലന പരിപാടി ആരം ഭിക്കുന്നതും അതുവഴി സംരംഭകത്വ സംസ്കാരം സംസ്ഥാനത്ത് പ്രചരിപ്പിക്കുന്നതുമാണ്.

- സർക്കാർ/ അർദ്ധ സർക്കാർ മേഖലയിലെ താൽകാലിക നിയമനങ്ങൾ നടത്തുന്ന സ്ഥാപനം എന്ന നിലയിൽ നിന്നുമാറി സ്വകാര്യ മേഖലയിലും കൃഷി പോലെ ഗ്രാമീണ മേഖലയിലും ആവശ്യ മുള്ള തൊഴിലാളികളെ ലഭ്യമാക്കുന്ന തരത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം പുനക്രമീകരിക്കും.

- എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തവരുടെ പ്രൊഫൈലിംഗ് തയ്യാറാക്കും. ഏതുമേഖലകളിലെ ജോലിക്കാണ് താല്പര്യം എന്ന് വിവരശേഖരണം നടത്തും. ഇവർക്ക് അതത് മേഖലകളിലെ തൊഴിലിനാവശ്യമായ വൈദഗ്ധ്യം സ്കിൽ ഇൻഡ്യ പദ്ധതി വഴി ലഭ്യ മാക്കും. ഇത്തരത്തിൽ പ്രായോഗിക പരിശീലനം ലഭ്യമായ തൊഴിലാളികളെ സ്വകാര്യ മേഖലയി ലേയ്ക്ക് ലഭ്യമാക്കും.

- സ്കിൽഡ് വർക്കർ പോർട്ടൽ ഉണ്ടാക്കും. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത വർക്ക് മേൽപ്പറഞ്ഞ രീതിയിൽ പരിശീലനം ലഭ്യമാക്കി മൊബൈൽ ആപ്പ് വഴി പ്രാദേശികമായി ഇത്തരം സേവനം ലഭ്യമാക്കാനുതകുന്ന സംവിധാനത്തിന് രൂപം കൊടുക്കും.

- അഭ്യസ്തവിദ്യരായ തൊഴിൽ അന്വേഷകർക്ക് തൊഴിൽ സംരംഭകത്വത്തെയും തൊഴിൽ സാധ്യതകളെയും സംബന്ധിച്ചും ഉന്നത പഠനത്തിന് മാർഗ്ഗനിർദ്ദേശമായും എംപ്ലോയ്മെന്റ്

ശികമായി ഇത്തരം സേവനം ലഭ്യമാക്കാനുതകുന്ന സംവിധാനത്തിന് രൂപം കൊടുക്കും.

- അഭ്യസ്തവിദ്യരായ തൊഴിൽ അന്വേഷകർക്ക് തൊഴിൽ സംരംഭകത്വത്തെയും തൊഴിൽ സാധ്യതകളെയും സംബന്ധിച്ചും ഉന്നത പഠനത്തിന് മാർഗ്ഗനിർദ്ദേശമായും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുമായി ബന്ധപ്പെട്ട് ആരംഭിച്ചിട്ടുള്ള കരിയർ ഡവലപ്മെന്റ് സെന്ററുകളുടെ പ്രവർത്തനം എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കും.



- എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത 50 -65 പ്രായപരിധിക്കുള്ളിലുള്ള മുതിർന്ന പൗരന്മാർക്കും നവജീവൻ എന്ന പേരിൽ സമഗ്ര തൊഴിൽ-പുനരധിവാസ പദ്ധതി ആരംഭിക്കും. മുതിർന്ന പൗരന്മാരുടെ വിജ്ഞാനവും പ്രവർത്തി പരിചയവും സമൂഹനന്മയ്ക്കായി പ്രയോജനപ്പെടുത്തുന്നതിന് ഒരു ഡാറ്റാ ബാങ്ക് രൂപീകരിക്കും.

## ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്


- സംസ്ഥാനത്തെ എല്ലാ റവന്യു വില്ലേജുകളിലേയും തൊഴിലാളികൾക്ക് പരിരക്ഷ ലഭിക്കുംവിധം സംസ്ഥാന വ്യാപകമായി ഇ.എസ്.ഐ. സ്കീം നടപ്പിലാക്കും.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിയമിക്കപ്പെട്ടിട്ടുള്ള കരാർ തൊഴിലാളികളടക്കം കൂടുതൽ മേഖലകളിലെ തൊഴിലാളികളെ ഇ.എസ്.ഐ. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കും.
- ഇ.എസ്.ഐ. ഡിസ്പെൻസറി/ ആശുപത്രി കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ നടത്തി നവീകരിക്കും.
- ഇ.എസ്.ഐ. കോർപ്പറേഷന്റെ സഹകരണത്തോടെ വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് സ്വന്തം കെട്ടിടം ലഭ്യമാക്കും.
- ഇ.എസ്.ഐ. സ്കീമിൽ ഉൾപ്പെടാനുള്ള പരമാവധി ശമ്പള പരിധി 25,000 രൂപയാക്കി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കും.
- തൊഴിലാളികളുടെ ആശ്രിതരായ മാതാപിതാക്കൾക്ക് ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.
- സംസ്ഥാനത്ത് ഇ.എസ്.ഐ. ഡിസ്പെൻസറികൾ നിലവിലില്ലാത്ത ഇടങ്ങളിൽ പുതിയവ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കും.
- സംസ്ഥാനത്തെ 9 ഇ.എസ്.ഐ. ആശുപത്രികൾക്ക് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കും. കോഴിക്കോട് ജില്ലയിലെ ഫറൂക്ക്, കണ്ണൂർ ജില്ലയിലെ തോട്ടട എന്നിവിടങ്ങളിലെ ഇ.എസ്.ഐ. ആശുപത്രികളെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളാക്കി മാറ്റും.

## ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ്

- ഇന്റർനെറ്റ് അധിഷ്ഠിത സൗകര്യങ്ങളിലൂടെ ഫാക്ടറികളിലെ അപകടസാധ്യത നിരീക്ഷിക്കുന്നതിന് സംവിധാനം ഒരുക്കും. ഫാക്ടറി പരിശോധനയുടെ ദൈർഘ്യം കുറയ്ക്കും. ഫാക്ടറി തൊഴിലാളികളുടെ സുരക്ഷിതത്വവും ആരോഗ്യവും ഉറപ്പാക്കുന്നതിന് ഫാക്ടറി പരിശോധനാ നടപടികൾ കർശനമാക്കും.
- വ്യവസായശാലകളിലെ തൊഴിൽ സ്ഥലത്തെ തൊഴിൽജന്യ രോഗങ്ങളുടെ കാരണം കണ്ടെത്തി അവ തടയുന്നതിനുവേണ്ടി ഫാക്ടറി നിയമത്തിൽ ആവശ്യം വേണ്ട ഭേദഗതികൾ വരുത്തും.

- ഫാക്ടറികളിൽ നിലവിലുള്ളതും ഭാവിയിലുണ്ടാകാൻ സാധ്യതയുള്ളതുമായ അപകടസാധ്യതാ ഘടകങ്ങളേയും സാഹചര്യത്തേയും തൊഴിൽജന്യരോഗങ്ങളേയും തടയുന്നതിനുമുള്ള ഗവേഷണ വികസന പരിപാടികൾ ആസൂത്രണം ചെയ്യും.
- ഫാക്ടറികളിലെ വിവിധ വിഭാഗങ്ങളിലുള്ള തൊഴിലാളികൾക്കും, സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്കും അസംഘടിത മേഖലയിലെ തൊഴിലാളികൾക്കും സുരക്ഷിതത്വ അവബോധം വർദ്ധിപ്പിക്കുന്നതിന് ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കും.

## വ്യവസായ പരിശീലന വകുപ്പ്



- 13-ാം പഞ്ചവൽസര പദ്ധതി അവസാനത്തോടെ 5 ലക്ഷം ആളുകൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം വിവിധ മേഖലകളിൽ ലഭ്യമാക്കും.
- സംസ്ഥാനത്ത് ഐ.ടി.ഐകൾ ഇല്ലാത്ത 22 ബ്ലോക്കുകളിൽ സാധ്യമായവയിൽ സർക്കാർ, സ്വകാര്യ മേഖലയിൽ ഐ.ടി.ഐകൾ തുടങ്ങുന്നതിനു നടപടികൾ സ്വീകരിക്കും.
- ഐ.ടി.ഐ കളിലെ കാലഹരണപ്പെട്ട ട്രേഡുകൾ നിർത്തൽ ചെയ്ത് ആഗോളതലത്തിലെ ആവശ്യകത കണ്ടറിഞ്ഞ് പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിന് പ്രത്യേക പഠനം നടത്തി നടപടി സ്വീകരിക്കും.
- പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട പരിശീലനാർത്ഥികൾ കൂടുതലായുള്ള ഐ.ടി.ഐകളിൽ മാത്രം നൽകിവരുന്ന ഉച്ചഭക്ഷണപരിപാടി എല്ലാ ഐ.ടി.ഐകളിലേയ്ക്കും ഘട്ടം ഘട്ടമായി വ്യാപിപ്പിക്കും.
- ഇൻഡസ്ട്രി - ഇൻസ്റ്റിറ്റ്യൂട്ട് സഹകരണം വിപുലീകരിക്കും.
- സംസ്ഥാനത്തെ എല്ലാ ഐ.ടി.ഐകളിലും അന്തർദേശീയ നിലവാരത്തിലുള്ള സ്മാർട്ട് ക്ലാസ്സ്റൂം, വിർച്ച്വൽ ക്ലാസ്സ്റൂം, പുതിയ സാങ്കേതിക വിദ്യയ്ക്കനുസരിച്ചുള്ള പഠന രീതികൾ എന്നിവ കൊണ്ടുവരും.
- ദേശീയ, അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഐ.ടി.ഐ കളെ ഉയർത്തുവാനുള്ള പരിപാടികൾ നടപ്പിലാക്കും.
- അപ്രന്റീസ്ഷിപ്പ് ആക്ടിന്റെ പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങളിലും അപ്രന്റീസുകളെ നിയോഗിക്കും. കൂടാതെ അടിസ്ഥാന യോഗ്യത ആവശ്യമില്ലാത്ത ഇൻഫോർമൽ ട്രേഡുകളിൽ കൂടുതൽ അപ്രന്റീസുകളെ നിയോഗിക്കും.
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെയും സംരംഭകത്വത്തിന്റെയും പ്രാധാന്യം പൊതുസമൂഹത്തിൽ പ്രത്യേകിച്ച് പരിശീലനാർത്ഥികളിൽ എത്തിക്കുന്നതിനായി സംരംഭകത്വ വികസന ക്ലബുകൾ രൂപീകരിക്കും.
- പരിശീലനാർത്ഥികളുടെ നൂതനമായ സാങ്കേതിക ആശയങ്ങൾക്ക്/ കണ്ടെത്തലുകൾക്ക് ദേശീയ-അന്തർദേശീയതലത്തിൽ മത്സരം സംഘടിപ്പിച്ച് പ്രോത്സാഹനം നൽകും.
- SCVT യിൽ തുടരുന്ന പരമാവധി ട്രേഡുകൾ NCVT യുമായി അഫിലിയേറ്റ് ചെയ്യുന്നതിന് നടപടിയെടുക്കും.
- പരമാവധി ഐ.ടി.ഐകൾക്ക് 5 വർഷത്തിനുള്ളിൽ ISO അംഗീകാരം നേടാനുള്ള നടപടികൾ സ്വീകരിക്കും.

## കേരള അക്കാഡമി ഫോർ സ്കിൽ എക്സലൻസ് (KASE)

- പുതിയതും ഉയർന്നുവരുന്നതുമായ മേഖലകളിൽ വ്യവസായ സ്ഥാപനങ്ങളുടെ പങ്കാളിത്ത ത്തോടുകൂടി സെന്റർ ഫോർ എക്സലൻസുകൾ (മികവിന്റെ കേന്ദ്രങ്ങൾ) സ്ഥാപിക്കും. ഇതി നായി സാദ്ധ്യത കണ്ടെത്തുന്നതിന് പ്രത്യേക പഠനം നടത്തും.
- നിലവിലുള്ള നഴ്സിംഗ്, സെക്യൂരിറ്റി, ഓയിൽ & റിഗ്, ടീച്ചിംഗ്, എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് എന്നീ മേഖലകൾക്കുപുറമേ പുതുതായി ബിഗ് ഡേറ്റാ അനലറ്റിക്സ്, ഇന്റർനെറ്റ് ഓഫ് തിങ്സ് (ഐ.ഒ.റ്റി), റോബോട്ടിക്സ്, ഹൈടെക് ആട്ടോമേഷൻ ആന്റ് മെക്കട്രോണിക്സ്, ഏവിയേഷൻ, ഐ.ടി.ഐ, ടി.ഇ.എസ് എന്നിവയിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കും.
- നൈപുണ്യ വികസന പദ്ധതികളെ ഏകോപിപ്പിച്ചു കൊണ്ടുപോകുന്നതിന് KASE-നെ സംസ്ഥാന സ്കിൽ ഡെവലപ്മെന്റ് മിഷൻ ആയി ശക്തിപ്പെടുത്തും.



- On the Job Training മൂല്യം തിരിച്ചറിയു ന്നതിനായി ദേശീയതലത്തിൽ മികച്ച നിലയിൽ പ്രവർത്തിക്കുന്ന വ്യാവ സായ പങ്കാളികളുമായി യോജിച്ചുകൊണ്ട് യഥാർത്ഥ തൊഴിൽ പരിസ്ഥിതിയിൽ നടപ്പിലാക്കുന്ന വ്യവ സായിക ഇന്റേൺഷിപ്പ് പ്രോഗ്രാം പ്രവർത്തന സജ്ജമാക്കും.
- അന്താരാഷ്ട്ര സ്കിൽ സമ്മിറ്റും, ഫിയ സ്റ്റയും സംഘടിപ്പിക്കുക വഴി തൊഴില ധിഷ്ഠിത പഠനത്തെ ജനകീയവൽകരി ക്കുകയും സെന്റേഴ്സ് ഓഫ് എക്സ ലൻസിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിന് നടപടികൾ എടുക്കും. ഇതുവഴി കഴിവുകൾ പ്രകടിപ്പിക്കുവാ നുള്ള അവസരം നൽകുവാനും ആധുനികവും പുതുമയുള്ളതുമായ കഴിവുകളെ പ്രോത്സാഹിപ്പിക്കു വാനും പരിശീലന ഗുണനിലവാരം ഉയർത്തുവാനും കഴിയും.
- സംസ്ഥാന സ്കിൽ ഡെവലപ്മെന്റ് മിഷന്റെ നയങ്ങളും പദ്ധതികളും ദേശീയ സ്കിൽ ക്വാളിഫി ക്കേഷൻ ഫ്രെയിംവർക്കിൽ ഉൾപ്പെടുത്തുന്നതിന് ശ്രമം നടത്തും.
- നൈപുണ്യ പരിശീലന പഠനരീതിയും പ്രവർത്തന സമ്പ്രദായങ്ങളും സെക്ടർ സ്കിൽ കൗൺസിലുകളുടെ പങ്കാളിത്തത്തോടുകൂടി ഏകീകരിക്കും.
- സമൂഹത്തിലെ പാർശ്വവൽകൃത വിഭാഗത്തിനുവേണ്ടി സാദ്ധ്യമാകുന്ന നൈപുണ്യ വികസന പദ്ധ തികൾ ആസൂത്രണം ചെയ്ത് നടപ്പിൽവരുത്തും.
- ഐ.ടി. അധിഷ്ഠിതമായ ഒരു ലേബർ മാർക്കറ്റ് ഇൻഫർമേഷൻ സിസ്റ്റം സ്ഥാപിച്ച് വൈദഗ്ധ്യ മുള്ള തൊഴിൽ ശക്തിയുടെ ആവശ്യവും വിപണനവും നടത്തുന്നതിന് സ്കിൽ ഡെവല പ്മെന്റ് മിഷനിലൂടെ പദ്ധതി ആവിഷ്കരിക്കും.
- സ്ത്രീകളെ മുഖ്യധാരയിൽ എത്തിക്കാൻ ഉചിതമായ പരിശീലന മാർഗ്ഗങ്ങൾ അവലംബിക്കു കയും അതുവഴി സ്ത്രീകളുടെ ജോലിലഭ്യത വർദ്ധിപ്പിക്കുകയും ചെയ്യുന്നതിനുള്ള നടപടി കൾ ആവിഷ്കരിക്കും.
- ജയിലിലെ തടവുകാരുടെ അഭിരുചിക്കനുസരിച്ചുള്ള മേഖലകളിൽ നൈപുണ്യ പരിശീലനം നൽകുന്നതിനായി ജയിൽ വകുപ്പുമായി ചേർന്ന് സ്കിൽ ഡെവലപ്മെന്റ് & റിഹാബിലിറ്റേ ഷൻ സെന്റർ സ്ഥാപിക്കുന്നതിന് ശ്രമം നടത്തും.
- മാനസികരോഗം സുഖപ്പെട്ട് ആശുപത്രികളിൽ തന്നെ കഴിയുന്ന വ്യക്തികളെ കണ്ടെത്തി അവർക്കായി പ്രത്യേക തൊഴിൽ പരിശീലന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കും.



- KASE ന്റെ ഒരു യൂണിറ്റായ കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (കെ.എസ്.ഐ.ഡി.) യുടെ പ്രവർത്തനം കരകൗശല കലാകാരന്മാരുടെയും പ്രൊഫഷണൽ ഡിസൈനർമാരുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെ സംസ്ഥാനത്തിന്റെ മറ്റു പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കും.
- കൊല്ലം ജില്ലയിലെ ചവറയിൽ പണിപൂർത്തീകരിച്ചുവരുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ അക്കാഡമി അന്തർദേശീയ തലത്തിലുള്ള സ്ഥാപനമാക്കി മാറ്റും.
- കെ.എസ്.ഐ.ഡി ക്യാമ്പസിൽ ഡിജിറ്റൽ ക്ലാസ് റൂം, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ഹോസ്റ്റൽ സൗകര്യം തുടങ്ങിയവ ഒരുക്കും.
- തിരുവനന്തപുരം ടെക്നോസിറ്റിയിൽ കെയ്സിന്റെ കൈവശമുള്ള 5 ഏക്കർ ഭൂമി ഉപയോഗപ്പെടുത്തി ഇന്റഗ്രേറ്റഡ് സ്കിൽ പാർക്ക് ആരംഭിക്കും.
- വ്യോമയാന മേഖലയിലെ സാങ്കേതിക വൈദഗ്ധ്യമുള്ള ആളുകളുടെ വർദ്ധിച്ചു വരുന്ന ആവശ്യം മുന്നിൽകണ്ട് നൈപുണ്യവികസനത്തിനായി കിഫ്ബി-യുടെ സഹായത്തോടെ ഏവിയേഷൻ അക്കാഡമി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കും.
- സൂക്ഷ്മ-ചെറുകിട, ഇടത്തര, പരമ്പരാഗത വ്യവസായ മേഖലകളിൽ അനുഭവപ്പെടുന്ന വിദഗ്ധ അവിദഗ്ധ, തൊഴിലാളികളുടെ ദൗർലഭ്യം നികത്തുന്നതിന് വ്യവസായ പരിശീലന വകുപ്പ്, കേരള അക്കാഡമി ഓഫ് സ്കിൽ എക്സലൻസ്, എംപ്ലോയബിലിറ്റി സെന്ററുകൾ എന്നിവയുമായി സംയോജിച്ച് ഒരു ലേബർ ബാങ്ക് വികസിപ്പിക്കും.

## ഉപസംഹാരം

സമൂഹത്തിലെ എല്ലാ വിഭാഗം തൊഴിലാളികൾക്കും തൊഴിൽ സുരക്ഷയും സാമൂഹ്യസുരക്ഷയും ഉറപ്പാക്കുന്നതിന് ലക്ഷ്യം വച്ചുകൊണ്ടാണ് കരട് തൊഴിൽ നയത്തിന് രൂപം നൽകിയിട്ടുള്ളത്. ആഗോളവിപണി ലക്ഷ്യമാക്കി ഉൽപാദക പ്രക്രിയയിലും, തൊഴിൽ നൈപുണ്യ പ്രക്രിയയിലും മാറ്റങ്ങൾ വരേണ്ടതായിട്ടുണ്ട്. വ്യക്തവും നീതിയുക്തവുമായ തൊഴിൽ ബന്ധം ഇത്തരം മാറ്റങ്ങളുടെ അവിഭാജ്യ ഘടകമാണ്. അസംഘടിത മേഖലയിലെ തൊഴിൽ ചൂഷണ പ്രവണതകൾക്ക് വിരാമമിടേണ്ടതായിട്ടുണ്ട്. സാധ്യതകളും അവസരങ്ങളും കൂട്ടിയോജിപ്പിച്ച് ഒരു തൊഴിൽ സൗഹൃദം നിലനിർത്തത്തക്ക സാഹചര്യത്തിന്റെ ആവശ്യകതയിലേക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ള സമീപനമാണ് നയരൂപീകരണത്തിൽ നടത്തിയിട്ടുള്ളത്. കൂടുതൽ ചർച്ചയ്ക്കും കൂട്ടിച്ചേർക്കലിനുമായി കരട് തൊഴിൽ നയം സമൂഹമദ്ധ്യത്തിലേയ്ക്ക് സമർപ്പിക്കുന്നു.